**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3097** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ ഹരിപ്പാട് മണ്ഡലത്തിൽ ഭൂജല വകുപ്പിന്റെ തനതു ഫണ്ട് വിനിയോഗിച്ച് ഒരു പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.<br><br>പദ്ധതി :- തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് വലിയപറമ്പ് ട്യൂബ് വെൽ നിർമ്മാണം ചെലവഴിച്ച തുക :- **10,53,266/- രൂപ** (പത്ത് ലക്ഷത്തി അമ്പത്തി മൂവായിരത്തി ഇരുന്നൂറ്റി അറുപത്തി ആറ് രൂപ മാത്രം).<br><br>വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിലവിൽ പദ്ധതികൾ ഒന്നും ഇല്ല. |
| (ബി) | ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളും മറ്റ് ഏജൻസികളും ഭൂജല വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി നിർവഹിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളും മറ്റ് ഏജൻസികളും ഭൂജല വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി **2,75,82,804/- രൂപ( രണ്ട് കോടി എഴുപത്തി അഞ്ച് ലക്ഷത്തി എൺപത്തി രണ്ടായിരത്തി എണ്ണൂറ്റി നാല്** രൂപ മാത്രം) ചെലവഴിച്ച്, **31** പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഡെപ്പോസിറ്റ് വർക്കായി നിലവിൽ 7 പദ്ധതികളിലായി **62,04,000/-** രൂപയുടെ (അറുപത്തിരണ്ടു ലക്ഷത്തി നാലായിരം രൂപ മാത്രം) പ്രവൃത്തികൾ പുരോഗമിക്കുന്നു. നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഹരിപ്പാട് മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നിർമ്മിച്ചിട്ടുള്ള കുഴൽക്കിണറുകൾ തകരാറിലാകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്ത് തുടർ നപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | ഹരിപ്പാട് മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നിർമ്മിച്ചിട്ടുള്ള കുഴൽ കിണർ തകരാറിലായതുമായി ബന്ധപ്പെട്ട് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | ഏജൻസിയുടെ പേര് | പദ്ധതിയുടെ തരം | അടങ്കൽ തുക | പുരോഗതി |
|---|---|---|---|---|---|
| 1. | വാർഡ് 15, ആറാട്ടുപുഴ | ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് | ട്യൂബ് വെൽ നിർമ്മാണം | 10,70,000/- | വർക്ക് ഓർഡർ നൽകി, സ്ഥല പരിമിതി മൂലം സൈറ്റ് മാറ്റി നൽകാൻ പഞ്ചായത്തിനു കത്ത് നൽകിയിട്ടുണ്ട്. |
| 2. | വാർഡ് 1, കുമാരപുരം പഞ്ചായത്ത് | ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | ട്യൂബ് വെൽ & കുടിവെള്ള പദ്ധതി | 13,20,000/- | നിർമ്മാണവേളയിൽ കിണർ ഇടിഞ്ഞതിനാൽ പുതിയ സൈറ്റ് പഞ്ചായത്ത് അധികൃതർ നിർദ്ദേശിക്കാനുണ്ട്. |
| 3. | വാർഡ് 2, വെമ്പുഴ | ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് | ട്യൂബ് വെൽ നിർമ്മാണം | 10,20,000/- | പുതിയ സൈറ്റ് പഞ്ചായത്ത് അധികൃതർ നിർദ്ദേശിക്കാനുണ്ട്. |
| 4. | വാർഡ് 24, ടാഗോർ സെൻട്രൽ സ്കൂൾ, ഹരിപ്പാട് | കേരള വാട്ടർ അതോറിറ്റി ഇ.ഇ., കായംകുളം | ട്യൂബ് വെൽ നിർമ്മാണം | 9,42,000/- | നിർമ്മാണം പുരോഗമിക്കുന്നു. |
| 5. | വാർഡ് 8, ശിശു വിഹാർ | കേരള വാട്ടർ അതോറിറ്റി ഇ.ഇ., കായംകുളം | ട്യൂബ് വെൽ നിർമ്മാണം | 9,42,000/- | പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ് |
| 6. | വിവിധ അംഗനവാടികൾ (4 എണ്ണം), പള്ളിപ്പാട് | പള്ളിപ്പാട് ഗ്രാമ പഞ്ചായത്ത് | ആഴം കുറഞ്ഞ ട്യൂബ് വെൽ നിർമ്മാണം | 3,80,000/- | വർക്ക് ഓർഡർ നൽകി, പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ് |
| 7. | വാർഡ് 11, കരുവാറ്റ | കരുവാറ്റ ഗ്രാമ പഞ്ചായത്ത് | ട്യൂബ് വെൽ നിർമ്മാണം | 5,30,000/- | പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ് |
| | ആകെ തുക | | | 62,04,000/-(അറുപത്തിരണ്ടു ലക്ഷത്തി നാലായിരം രൂപ മാത്രം) | |

Jubeks

സെക്ഷൻ ഓഫീസർ